പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5966 — 28.03.2018 ൽ മറുപടിയ്ക്ക്

നെല്ല് സംഭരിച്ച വകയിലുള്ള കുടിശ്ശിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) കൃഷി വകുപ്പിൽ നിന്നും 16 പാഡി മാർക്കറ്റിംഗ് ഓഫീസർമാരെ നെല്ല് സംഭരണത്തിനായി നിയമിച്ചിട്ടുള്ളതും ടി ഓഫീസർമാർ കൃഷി വകുപ്പിലെ അസിസ്റ്റന്റുമാരുടെ സേവനം ഉപയോഗപ്പെടുത്തി കാര്യക്ഷമമായി നെല്ല് സംഭരണം നടപ്പിലാക്കി വരുന്നു. കർഷകർക്ക് നെല്ലിന്റെ വില സമയബന്ധിതമായി പി.ആർ.എസ്. ലോൺ വഴി ലഭ്യമാക്കുന്നതിന് 15 ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പുവെച്ചിട്ടുള്ളതും പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങളെ കൂടി ബാങ്കിന്റെ അതേ പരിഗണന നൽകി നെല്ല് സംഭരണ പ്രക്രിയയിൽ പങ്കെടുപ്പിക്കുന്നതിന് സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകി ഉത്തരവായിട്ടുള്ളതുമാണ്. |
| (ബി) നിലവിൽ നെൽ കർഷകർക്ക് നൽകിവരുന്ന സംഭരണ വില എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) കിലോ ഗ്രാമിന് 23.30 രൂപ. |
| (സി) ഈ ഇനത്തിൽ കേന്ദ്ര സർക്കാർ നൽകി വരുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ; | (സി) കിലോ ഗ്രാമിന് 15.50 രൂപ. |
| (ഡി) നെല്ല് സംഭരിച്ച വകയിൽ കുടിശ്ശിക കൊടുത്ത് തീർക്കാനുണ്ടോ; എങ്കിൽ എത്ര രൂപയാണ് കുടിശ്ശിക ഉള്ളതെന്നും ആയത് കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) 20.03.2018 വരെയുള്ള കണക്ക് പ്രകാരം, നെല്ല് സംഭരിച്ച ഇനത്തിൽ 98 കോടി രൂപ കർഷകർക്ക് വിതരണം ചെയ്യാനുണ്ട്. പി.ആർ.എസ് ലോൺ വഴി നെല്ലിന്റെ വില യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ